Resources) അതിന്റെ പല ഭാവങ്ങളിൽ നാം ഒരു പരിഹാരമായി മുന്നോട്ടുവെക്കുന്നു എങ്കിലും, ഇതിന്റെ കൃത്യമായ നടപ്പാക്കൽ സാധ്യമാകുന്നില്ല. വിഭവങ്ങളുടെ ഉപയോഗത്തിന്റെ നിയന്ത്രണം എന്നത് കൃത്യമായ ഒരു ജീവിതശൈലി ആയി രൂപപ്പെടേണ്ടിയിരിക്കുന്നു. നിരന്തരമായ awareness creation അല്ലാതെ മറ്റൊരു പരിഹാരം സാധ്യമാണ് എന്ന് തോന്നുന്നില്ല.

**3.** Sustainable Development Goals (number 5 & 10) ഇതിനെ പറ്റി കൃത്യമായി പറയുന്നതുകൊണ്ടും. Sustainable Development Goals നെക്കുറിച്ചുള്ള അഭിപ്രായം നേരത്തെ പറഞ്ഞത് കൊണ്ടും ഈ ചോദ്യത്തിന് ഉത്തരം ആവശ്യമെന്നു തോന്നുന്നില്ല

**4.** ആഗോളവൽക്കരണത്തിനു മുമ്പുള്ള കാലഘട്ടത്തിൽ, തികച്ചും പ്രാധാന്യം ഉള്ള ഒന്നായിരുന്നു കേരള വികസന മാതൃക. വർഷം ഒന്നര ലക്ഷം കോടി വിദേശ പണം ഒഴുകി എത്തുന്ന ഇന്നത്തെ കേരളത്തിൽ കേരള വികസന മാതൃകയ്ക്ക് സാധ്യതയും പ്രാധാന്യവും ഉണ്ടോ എന്നത് സംശയമാണ്. പക്ഷെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ അടക്കമുള്ള ജനകീയ സംവിധാനങ്ങൾ ഇന്നും കേരള മുഖ്യധാരാജീവിതത്തിൽ സ്വാധീനം ചെലുത്തുന്നു എന്നത് കണക്കിലെടുക്കുമ്പോൾ തീർത്തും തള്ളിക്കളയാവുന്ന ഒന്നാണ് അതെന്നു തോന്നുന്നുമില്ല.

**5.** പ്രതിരോധ പ്രസ്ഥാനങ്ങൾ മാത്രമാണ് ഇന്ത്യയെ പോലുള്ള മൂന്നാംലോക രാഷ്ട്രങ്ങളിലും വികസിത രാഷ്ട്രങ്ങളിലും ഒരുപോലെ തന്നെ ഇത്തരം മുന്നേറ്റങ്ങളെ നയിച്ചിട്ടുള്ളത്. സുസ്ഥിര വികസന ഗവേഷണങ്ങളിലേക്ക് നയിക്കുന്ന പ്രശ്നങ്ങൾ ഉയർത്തി കാട്ടുകയും ഭരണ കൂടങ്ങളെ ഇത്തരം മാതൃകകളിലെക്ക് മാറാൻ സമ്മർദ്ദം ചെലുത്തുകയും സിവിൽ സൊസൈറ്റിയിൽ സുസ്ഥിര വികസനശീലങ്ങളുടെ പ്രാധാന്യത്തെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുകയും ഒക്കെ ചെയ്യുന്നത് അവരാണ്. പിന്നീട് അവ പ്രവർത്തനത്തിൽ എത്തുന്നു എന്ന് മാത്രം.

**(പരിസ്ഥിതി ശാസ്ത്രജ്ഞൻ)**

# വികസനം ചെറിയ ഘടകങ്ങളുടെ സാമ്പത്തിക വളർച്ച

ടെഡി. സി.എക്സ്

**1.** സാമ്പത്തിക വളർച്ച തന്നെയാണ് വികസനം എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മനുഷ്യന്റെ ജീവിതനിലവാരത്തിൽ വരുന്ന ഉയർച്ചയെയാണ് വികസനമെന്ന വാക്കുകൊണ്ട് ഞാൻ വിവക്ഷിക്കുന്നത്. മനുഷ്യന്റെ എന്നു തന്നെ എടുത്തുപറയുകയാണ്. ഭക്ഷണം, പാർപ്പിടം, കുടിവെള്ളം, വിദ്യാഭ്യാസം, ആരോഗ്യക്ഷേമം എന്നിവയിലുള്ള പുരോഗതിയാണ് യഥാർത്ഥത്തിൽ വികസനം. ഏത് പ്രദേശമായാലും ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുകയും കൃഷിയും തൊഴിലും യന്ത്രവത്കരിക്കുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും കൂടുകയും വാർത്താവിനിമയ സംവിധാനങ്ങൾ മെച്ചപ്പെടുകയും ചെയ്താൽ ആ പ്രദേശം അതിന്റെ യഥാർത്ഥ അർത്ഥത്തിൽ വികസിതമാകും. മനുഷ്യന്റെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പാരിസ്ഥിതിക ഘടകങ്ങളെ അമിതമായി ഉപയോഗിക്കാതെ, അതതു പ്രദേശത്തിന് അനുകൂലമായ രീതിയിലാണ് പദ്ധതികൾ നടപ്പാക്കേണ്ടത്.

**2.** വിഭവങ്ങളുടെ ദൗർലഭ്യമല്ല, വിഭവങ്ങളുടെ അസന്തുലിതമായ, അല്ലെങ്കിൽ അന്യായമായ ഉപയോഗമാണ് പ്രശ്നം. വികസനമെന്നത് നഗരകേന്ദ്രീകൃതമാകുകയും ഗ്രാമങ്ങളെ അത് വെറും ഉപഭോഗകേന്ദ്രങ്ങളാക്കുകയും ചെയ്യുന്നു. വിഭവദൗർലഭ്യത്തെ കമ്പോളം തന്നെയാണ് നേരിടേണ്ടി വരുന്നത്. അങ്ങനെ വരുമ്പോൾ അത് മിക്കപ്പോഴും പരിസ്ഥിതിക്കും മനുഷ്യനും ഗുണകരമായി വരും എന്നതാണ് എന്റെ കാഴ്ചപ്പാട്. ആഗോളവത്ക്കരണം ഉണ്ടാക്കുന്ന അനാവശ്യ ചരക്കുത്പാദനം നിയന്ത്രിക്കലാണ് ഏക പ്രതിരോധ മാർഗം.

**3.** തീർച്ചയായും ഉണ്ട്. ഞാനതിന് സാക്ഷിയാണ്. എന്റെ നാട് എത്രയധികം യന്ത്രവത്ക്കരിക്കപ്പെടുന്നോ അത്രയും ദുർബല വിഭാഗങ്ങൾക്ക് സഹായകരമാണ്. സ്ത്രീകൾ, അധഃസ്ഥിതർ തുടങ്ങിയവർ തങ്ങളുടെ പരമ്പരാഗത തൊഴിൽ, ജീവിതരീതികൾ, ഭക്ഷണം എന്നിവയുടെ കെട്ടുപൊട്ടിക്കുമ്പോൾ ഒരു വിപ്ലവം സാധ്യമാകുകയാണ്. ആ അർത്ഥത്തിൽ ഫോണും, ഇരുചക്രവാഹനങ്ങളും ഉണ്ടാക്കിയ മാറ്റം അത്ഭുതകരമാണ്. കേരളം നല്ലൊരു മാതൃകയാണ്.

**4.** അങ്ങിനൊന്നും അവശേഷിക്കുന്നില്ല. സമൂഹത്തിന്റെ ഏറ്റവും ചെറിയ ഘടകങ്ങളുടെ സാമ്പത്തിക വളർച്ചയാണ് ഞാൻ വികസനമായി കാണുന്നത്. അത് വലിയ ഘടകത്തിന്റെ വളർച്ചയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു തന്നെയാണ്.

**5.** സിവിൽസമൂഹവും പ്രതിരോധ പ്രസ്ഥാനങ്ങളും സോഷ്യലിസ്റ്റ് ആകുക എന്നതാകും വരേണ്യ വികസന മാതൃകയെ പ്രതിരോധിക്കാൻ നല്ലത്. സിവിൽ സമൂഹത്തിലേക്ക് ജൈവം, പാരമ്പര്യം എന്നീ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനു പകരം ശാസ്ത്രീയ ബോധത്തിനും ഏതാണ് ചുറ്റുപാടുകൾക്കും തങ്ങൾക്കും അനുകൂലം എന്ന ആത്മവിശ്വാസമുള്ള ചിന്തകൾക്കും പ്രചാരണം കൊടുക്കുക... പ്രതിരോധ സംഘങ്ങളെ എനിക്ക് ഭയമാണ്. കാരണം അവർ ഉയർന്നുവരുന്ന കീഴാളവിഭാഗങ്ങളുടെ വളർച്ചയേ തടയുക എന്ന സവർണ്ണ, വരേണ്യ അജണ്ടയുടെ പിണിയാളരായാണ് മിക്കയിടത്തും മാറുന്നത്.

തീർച്ചയായും പരിസ്ഥിതിയും മനുഷ്യരും അതിജീവിക്കും... വികസനമെന്ന വാക്കും അത് സംബന്ധിച്ച ആശങ്കകളും അസ്ഥാനത്താകും.. വലിയ യുദ്ധങ്ങളും മഹാമാരികളും കീഴടക്കിയില്ലെങ്കിൽ.... പരിസ്ഥിതിയെയും വികസനത്തെയും ആഗോളമായി തന്നെ സമീപിക്കണം.

**(കർഷകത്തൊഴിലാളി, അട്ടപ്പാടി)**